പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 934 **14-10-2026-ൽ മറുപടിയ്ക്ക്**

നിലമ്പൂർ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചുങ്കത്തറ, പോത്തുകല്ല്, എടക്കര, വഴിക്കടവ് എന്നീ നാല് ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിനു വേണ്ടി ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ കിണർ, പമ്പിംഗ് ലൈൻ എന്നീ പ്രവൃത്തികൾ ഇതിനുമുമ്പ് ആറ് തവണ ടെണ്ടർ ചെയ്തുവെങ്കിലും പലകാരണങ്ങളാൽ നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്. ടെൻഡർ ഘട്ടത്തിലുള്ള പ്രവൃത്തികളുടെ പ്രാധാന്യവും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പൂർത്തീകരണത്തിന് ഈ പ്രവൃത്തികൾ അത്യന്താപേക്ഷിതമാണെന്നതും ചൂണ്ടിക്കാട്ടി , പ്രവൃത്തികൾ അവാർഡ് ചെയ്യുന്നതിനുള്ള സമയപരിധി 16.08.2024 ൽ നിന്ന് ദീർഘിപ്പിച്ചു നൽകണമെന്ന് അഭ്യർത്ഥിച്ചു 29.10.2024, 03.07.2025, 19.11.2025, 16.09.2025 എന്നീ തീയതികളിൽ കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) നിലവിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തി ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എഗ്രിമെന്റ് വയ്ക്കുന്നതിലേക്കുള്ള പ്രത്യേക അനുമതി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ